**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 847** **06.06.2018-ൽ മറുപടിയ്ക്ക്**

## കോഴിക്കോട് ജില്ലയിലെ ലൈഫ് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി | | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| ചോദ്യം | | മറുപടി | |
| എ) | കോഴിക്കോട് ജില്ലയിൽ കന്തലാട് വില്ലേജിലെ മണിച്ചേരി കോട്ടക്കുന്ന് ആദിവാസി കോളനിയിൽ താമസിക്കുന്ന 4 ആദിവാസി കുടുംബങ്ങൾക്ക് പനങ്ങാട് പഞ്ചായത്ത് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നൽകാൻ തീരുമാനിച്ചപ്പോൾ കൈവശഭൂമി ഇല്ലാത്തതുകൊണ്ട് ഇവർക്ക് വീട് ലഭിക്കാത്ത സാഹചര്യം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | എങ്കിൽ പ്രസ്തുത കുടുംബങ്ങൾ ഇപ്പോൾ താമസിച്ചു വരുന്നത് ആരുടെ കൈവശ ഭൂമിയിലാണെന്ന് അറിയിക്കുമോ; | ബി) | കുരാച്ചുണ്ട് പഞ്ചായത്തിലെ കല്ലാനോട് ഉള്ള വർക്കിച്ചൻ എന്നയാളുടെ ഭൂമിയാണ് എന്നാണ് പ്രാഥമിക അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുള്ളത്. |
| സി) | വീട് വെയ്ക്കുന്നതിനായി ഇവർക്ക് ഈ ഭൂമി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | സി) | ഇവർക്ക് ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്ത് മുതുകാട് കൊളത്തൂർ കോളനിയിൽ വാസ യോഗ്യമായ വീടും ഒരേക്കർ വീതം ഭൂമിയും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ